**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 605** **23-02-2022 - ൽ മറുപടിയ്ക്ക്**

**ഖാദി, കൈത്തറി ഉൽപ്പന്നങ്ങളുടെ ഓൺലൈൻ വിപണനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിൽ ഉല്പാദിപ്പിക്കുന്ന ഖാദി, കൈത്തറി ഉൽപ്പന്നങ്ങൾ വിൽക്കുന്നതിന് ഓൺലൈൻ വിപണനം അടക്കമുള്ള നൂതന വിപണന മാർഗ്ഗങ്ങൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കുമോ? | (എ) | കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൽ ഖാദി ഉൽപന്നങ്ങൾ വിൽക്കുന്നതിന് ഓൺലൈൻ വിപണനം നിലവിലില്ല. ആയത് പ്രാവർത്തികമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കൈത്തറി ഉൽപന്നങ്ങൾ Hantex, നിലവിൽ ആമസോൺ വഴി വിപണനം നടത്തി വരുന്നു. എന്നാൽ കൈത്തറി ഉൽപ്പന്നങ്ങളുടെ Online വിപണനത്തിനായി സമഗ്രമായ ഒരു e-commerce portal നിലവിലില്ല. കൈത്തറി ഉൽപന്നങ്ങൾ ഉൾപ്പെടെയുള്ള പരമ്പരാഗത മേഖലയിലെ ഉൽപന്നങ്ങളുടെ വിപണനത്തിനായി ഒരു ഡിജിറ്റൽ മാർക്കറ്റിംഗ് സംവിധാനം ഒരുക്കുന്നതിനുള്ള നടപടികൾ ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ നേതൃത്വത്തിൽ നടന്നു വരുന്നു. കൈത്തറി ഉൽപ്പന്നങ്ങളുടെ വിപണനം ത്വരിതപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാരിന്റെ e.shipmart.gov.in, Gem Portal എന്നിവയിൽ രജിസ്റ്റർ ചെയ്യുന്നതിനായി സംഘങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. രജിസ്ട്രേഷൻ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ